سورة القارعة

# 101. സൂറതുൽ ക്വാരിഅഃ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 11

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

**പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.**

ٱلۡقَارِعَةُ ﴿١﴾

**﴾1﴿ മുട്ടി അലക്കുന്ന (ആ ഭയങ്കര) സംഭവം!**

مَا ٱلۡقَارِعَةُ ﴿٢﴾

**﴾2﴿ മുട്ടി അലക്കുന്ന സംഭവം എന്നാൽ എന്താണ്?!**

وَمَآ أَدۡرَىٰكَ مَا ٱلۡقَارِعَةُ ﴿٣﴾

**﴾3﴿ മുട്ടി അലക്കുന്ന സംഭവം എന്നാൽ എന്താണെന്ന് നിനക്ക് എന്തറിയാം?!**

---

﴾1﴿ الْقَارِعَةُ മുട്ടി അലക്കുന്ന സംഭവം ﴾2﴿ مَاالْقَارِعَةُ എന്താണ് മുട്ടി അലക്കുന്ന സംഭവം ﴾3﴿ وَمَاأَدْرَاكَ നിനക്ക് എന്തറിയാം مَاالْقَارِعَةُ മുട്ടി അലക്കുന്ന സംഭവം എന്താണെന്ന്

---

'വളരെ ഊക്കോടെ മുട്ടി അലക്കുന്നത്, മുട്ടി അലക്കുന്നതുമൂലം ഉണ്ടാകുന്ന കടുത്ത 'ശബ്ദം' എന്നൊക്കെയാണ് الْقَارِعَة (ക്വാരിഅത്ത്) എന്ന വാക്കിന്റെ അർത്ഥം. ക്വിയാമത്ത് നാളാണ് ഇവിടെ വിവക്ഷ. കാഹളം ഊതുന്നതുകൊണ്ടും, ലോകമാസകലം തട്ടിത്തകരുന്നതുകൊണ്ടും ഉണ്ടാകുന്ന ഘോരശബ്ദവും, തുടർന്നുണ്ടാകുന്ന വമ്പിച്ച ഭീകരാവസ്ഥകളും കാരണമായി ക്വിയാമത്ത്നാളിന് ആ പേർ നൽകപ്പെട്ടിരിക്കുന്നു. ഈ വചനങ്ങളിൽ ആ ദിവസത്തിന്റെ ഗൗരവത്തിലേക്ക് ശ്രദ്ധ തിരിച്ചുകൊണ്ട് അന്നത്തെ ചില സംഭവവികാസങ്ങളെ അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

يَوۡمَ يَكُونُ ٱلنَّاسُ كَٱلۡفَرَاشِ ٱلۡمَبۡثُوثِ ﴿٤﴾

**﴾4﴿ (അതെ) മനുഷ്യൻ ചിന്നിച്ചിതറിയ പാറ്റപോലെ ആയിത്തീരുന്ന ദിവസം!-**

وَتَكُونُ ٱلْجِبَالُ كَٱلْعِهْنِ ٱلْمَنفُوشِ ﴿٥﴾

﴾5﴿ പർവതങ്ങൾ കടയപ്പെട്ട രോമംപോലെ ആയിത്തീരുകയും ചെയ്യുന്ന (ദിവസം)! [അന്നാണ് ആ സംഭവം.]

﴾4﴿ يَوْمَ يَكُونُ ആയിത്തീരുന്ന ദിവസം النَّاسُ മനുഷ്യർ كَالْفَرَاشِ പാറ്റപോലെ الْمَبْثُوثِ പരത്ത (നിരത്ത)പ്പെട്ട, ചിന്നിച്ചിതറിയ ﴾5﴿ وَتَكُونُ الْجِبَالُ പർവതങ്ങൾ ആയിത്തീരുകയും كَالْعِهْنِ രോമം പോലെ الْمَنْفُوشِ കടയപ്പെട്ട (ധൂളമായ)

എന്തുവേണം, എന്താണ് സംഭവിക്കുക, ഭാവി എന്തായിരിക്കും എന്നൊന്നും അറിയാതെ അന്ന് മനുഷ്യകോടികൾ അന്തംവിട്ട് ഭയവിഹ്വലരായി ഇയ്യാംപാറ്റക്കൂട്ടങ്ങളെപ്പോലെ ചിന്നിച്ചിതറുകയും നിശ്ചലമായി ഉറച്ചുനിൽക്കുന്ന ഈ കൂറ്റൻ പർവതങ്ങളെല്ലാം അന്ന് കടഞ്ഞ രോമമെന്നോണം ധൂളം ധൂളമായി തട്ടി നിരത്തപ്പെടുകയും ചെയ്യും. ഒടുവിൽ കലാശം എന്തായിരിക്കും? അല്ലാഹു പറയുന്നു:-

فَأَمَّا مَن ثَقُلَتْ مَوَٰزِينُهُۥ ﴿٦﴾

﴾6﴿ അപ്പോൾ, യാതൊരുവന്റെ തുലാസ്സുകൾ (അഥവാ തൂക്കം) ഘനംതൂങ്ങിയോ അവൻ;-

فَهُوَ فِى عِيشَةٍ رَّاضِيَةٍ ﴿٧﴾

﴾7﴿ അവൻ, തൃപ്തികരമായ ജീവിതത്തിലായിരിക്കും.

وَأَمَّا مَنْ خَفَّتْ مَوَٰزِينُهُۥ ﴿٨﴾

﴾8﴿ എന്നാൽ, യാതൊരുവന്റെ തുലാസ്സുകൾ (അഥവാ തൂക്കം) ലഘുവായോ അവനാകട്ടെ,

فَأُمُّهُۥ هَاوِيَةٌ ﴿٩﴾

﴾9﴿ അവന്റെ സങ്കേതം 'ഹാവിയഃ' [അഗാധ നരകം] ആകുന്നു.

وَمَآ أَدْرَىٰكَ مَا هِيَهْ ﴿١٠﴾

﴾10﴿ അത് ['ഹാവിയഃ'] എന്താണെന്ന് നിനക്ക് എന്തറിയാം?!-

نَارٌ حَامِيَةٌۢ ﴿١١﴾

﴾11﴿ ചുടേറിയ അഗ്നിയത്രെ!

﴾6﴿ فَأَمَّامَنْ അപ്പോൾ ആർ, യാതൊരുവൻ ثَقُلَتْ ഘനപ്പെട്ടു, ഭാരം തൂങ്ങി مَوَازِينُهُ അവന്റെ തുലാസ്സ് (തൂക്കം)കൾ ﴾7﴿ فَهُوَ അപ്പോഴവൻ فِي عِيشَةٍ ഒരു ജീവിതത്തിലായിരിക്കും, ഉപജീവനത്തിലാണ് رَاضِيَةٍ തൃപ്തികരമായ ﴾8﴿ وَأَمَّامَنْ എന്നാൽ യാതൊരുവനോ خَفَّتْ ലഘുവായി, നേർമയായി مَوَازِينُهُ അവന്റെ തുലാസ്സുകൾ ﴾9﴿ فَأُمُّهُ എന്നാലവന്റെ മാതാവ്, തള്ള (സങ്കേതസ്ഥാനം) هَاوِيَةٌ ഹാവിയത്താണ് ﴾10﴿ وَمَاأَدْرَاكَ നിനക്ക് എന്തറിയാം مَاهِيَهْ അതെന്താണെന്ന് ﴾11﴿ نَارٌ അഗ്നിയത്രെ حَامِيَةٌ ചൂടേറിയ, കടുത്ത ചൂടുള്ള

'ഉമ്മ്' (أُم) എന്ന വാക്കിന് 'മാതാവ്, ഉമ്മ, തള്ള, മൂലം, പ്രധാനഭാഗം, മർമം, കേന്ദ്ര സ്ഥാനം, സങ്കേതം' എന്നിങ്ങനെ സന്ദർഭോചിതം പല അർത്ഥങ്ങളും വരുന്നതാണ്. ഒരു ശിശുവിന് അഭയകേന്ദ്രമായുള്ളത് അതിന്റെ മാതാവാണല്ലോ. എന്നാൽ കുറ്റവാളി കൾക്ക് അഭയകേന്ദ്രമായി വല്ലതും ഉണ്ടോ? അഥവാ ഉണ്ടെങ്കിൽ, അത് നരകം മാത്രമാ കുന്നുവെന്നാണ് 9 -ാം വചനത്തിൽ സൂചന. 'ഹാവിയഃ' (هَاوِيَة) എന്നാൽ 'വീഴുന്നത്, ആണ്ടുപോകുന്നത്' എന്നൊക്കെ വാക്കർത്ഥം, നരകമാണ് വിവക്ഷ. അത്യഗാധമായ ഒരു തീക്കുണ്ഡാരമായതുകൊണ്ട് അതിന് ആ പേർ പറയപ്പെട്ടിരിക്കുന്നു.

മനുഷ്യന്റെ കർമങ്ങളെല്ലാം ക്വിയാമത്തുനാളിൽ തൂക്കിക്കണക്കാക്കപ്പെടുന്നതാ ണെന്ന് ക്വുർആൻ പല സ്ഥലത്തും പ്രസ്താവിച്ചിട്ടുള്ളതാണ്. എന്നാൽ, എങ്ങനെയാണ് കർമങ്ങൾ തൂക്കിക്കണക്കാക്കുക? ആ തുലാസ്സ് ഏതുതരത്തിലുളളതായിരിക്കും? ഇതൊന്നും തിട്ടപ്പെടുത്തുവാൻ നമുക്ക് സാദ്ധ്യമല്ല. യാതൊരു ദുർവ്യാഖ്യാനവും നൽകാ തെയും, ഭൗതിക തുലാസ്സുകളോട് താരതമ്യപ്പെടുത്താതെയും നാം അത് വിശ്വസിക്കു ന്നു. അതെ, വിശ്വസിക്കണം. പക്ഷേ, ഒരു കാര്യം നമുക്ക് ഓർമിക്കാം. നമ്മുടെ ബാഹ്യ ദൃഷ്ടികൊണ്ട് കാണുവാൻ കഴിയാത്ത പല വസ്തുക്കളുടെയും അളവും തൂക്കവും കണക്കാക്കുന്നതിന് അൽപജ്ഞാനിയായ മനുഷ്യൻ വിവിധ ഉപകരണങ്ങൾ ഉപയോ ഗപ്പെടുത്തി വരുന്നു. അപ്പോൾ, ഈ ലോക പ്രകൃതിക്കതീതമായ പരലോകത്തുവെച്ച് മനുഷ്യകർമങ്ങളടക്കമുള്ള ഏത് കാര്യവും തൂക്കിക്കണക്കാക്കുവാനുള്ള ഒരു മാർഗം എല്ലാറ്റിന്റെയും സ്രഷ്ടാവായ അല്ലാഹുവിങ്കലുണ്ടായിരിക്കുമെന്ന് കാണുവാൻ പ്രയാ സമുണ്ടോ?! ഇല്ല തന്നെ.

സൂ: അഅ്റാഫിൽ അല്ലാഹു പറയുന്നു: وَالْوَزْنُ يَوْمَئِذٍ الْحَقُّ فَمَن ثَقُلَتْ مَوَازِينُهُ فَأُولَٰئِكَ هُمُ الْمُفْلِحُونَ وَمَنْ خَفَّتْ مَوَازِينُهُ فَأُولَٰئِكَ الَّذِينَ خَسِرُوا أَنفُسَهُم –الاعراف (സാരം: അന്നത്തെ ദിവസം തൂക്കിനോക്കൽ യഥാർത്ഥമായുള്ളതാണ്. അപ്പോൾ, യാതൊരുവ രുടെ തുലാസ്സുകൾ- അഥവാ തൂക്കം-ഘനം തൂങ്ങിയോ അവരത്രെ ഭാഗ്യവാൻമാർ. യാതൊരുവരുടെ തൂക്കം ലഘുവായോ അവരത്രെ സ്വയം നഷ്ടപ്പെടുത്തിയവർ) ആ ഭാഗ്യനഷ്ടങ്ങളുടെ ഒരു വിശദീകരണമാണ് ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നത്. അതെ, സൽകർങ്ങൾക്ക് മുൻതൂക്കം ലഭിച്ചവർ ഭാഗ്യവാൻമാരും സ്വർഗാവകാശികളും. അതിന് പിൻതൂക്കം വന്നുപോയവർ നഷ്ടക്കാരും നരകാവകാശികളും. അല്ലാഹു നമ്മെ സൽക്കർമങ്ങൾക്ക് മുൻതൂക്കം ലഭിക്കുന്ന ഭാഗ്യവാൻമാരിൽ ഉൾപ്പെടുത്തട്ടെ. ആമീൻ.

ولله الحمد والمنة